**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1629** **11-10-2024 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് പാക്കേജിൽ കൂടുതൽ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് പാക്കേജിൽ കാർഷിക മേഖലയിൽ കൂടുതൽ പദ്ധതികൾ നടപ്പാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | രണ്ടാം കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് സംസ്ഥാന പ്ലാനിംഗ് ബോർഡ് 2447.66 കോടി രൂപയുടെ സമഗ്രമായ ഒരു പ്ലാൻ സർക്കാരിന് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2400 കോടി രൂപയുടെ രണ്ടാം കുട്ടനാട് വികസന പാക്കേജ് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. രണ്ടാം കുട്ടനാട് പാക്കേജിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ കാർഷിക മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>1. കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയായി പരിവർത്തനപ്പെടുത്തൽ<br><br>2. രജിസ്റ്റേർഡ് സീഡ് ഗ്രോവെർസ് പരിപാടി നവീകരിച്ച് ഗുണമേന്മയുള്ള വിത്ത് ലഭ്യത ഉറപ്പു വരുത്തൽ<br><br>3. വിത്ത് സംസ്കരണത്തിനും സംഭരണത്തിനുമായി അടിസ്ഥാന സൗകര്യമൊരുക്കൽ<br><br>4. വിത്ത് ഗുണ നിലവാരം പരിശോധിക്കാൻ ലബോറട്ടറി സ്ഥാപിക്കൽ<br><br>5. പ്രധാന വിളകളുടെ ജനിതക ദ്രവ്യ പരിപാലനത്തിനായി നടപടികളെടുക്കൽ<br><br>6. വിപണി ഉറപ്പാക്കിക്കൊണ്ട് 'ഞവര' ഇനം നെൽകൃഷി പുനരുജ്ജീവിപ്പിക്കൽ<br><br>7. കുട്ടനാടിനായി ക്രോപ് കലണ്ടർ തയ്യാറാക്കി നടപ്പിൽ വരുത്തൽ<br><br>8. നിലവിലുള്ള പെട്ടിയും പറയും മാറ്റി പാടശേഖരങ്ങളിലെ വെള്ളം വറ്റിക്കുന്നതിനായി വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പുകൾ സ്ഥാപിക്കുക |

| | | | |
|---|---|---|---|
| | | | 9. മണ്ണ് പരിശോധനയിലൂടെ മണ്ണിന്റെ ആരോഗ്യം സംബന്ധിക്കുന്ന ഡാറ്റ ബാങ്ക് തയ്യാറാക്കി വളപ്രയോഗം ക്രമീകരിക്കുക<br><br>10. യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്ന-തിനായി കസ്റ്റം ഹയറിങ് സെന്ററുകൾ (Custom Hiring Centre) സ്ഥാപിക്കുക<br><br>11. നെല്ല്-താറാവ്-മത്സ്യ കൃഷി എന്നിവ-യടങ്ങിയ സംയോജിത കൃഷി ആവിഷ്ക്കരിക്കുക<br><br>12. നാളീകേര കൃഷി ലാഭകരമാക്കു-ന്നതിനായി സംയോജിത കൃഷി രീതികളും ഇടവിള കൃഷിയും പ്രോത്സാഹിപ്പിക്കൽ<br><br>13. അപ്പർ കുട്ടനാട്ടിൽ കരിമ്പ് കൃഷിയിൽ സംയോജിത കൃഷി രീതി സ്വീകരിക്കുക<br><br>14. കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെ പരിസ്ഥിതി നിരീക്ഷണം ശക്തിപ്പെടുത്തുക<br><br>15. ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനായി ഗവേഷണ പരിശീലന കേന്ദ്രം സ്ഥാപിക്കുക<br><br>16. കൂട്ടുമുണ്ടകനും പൊക്കാളി നെൽ കൃഷിയും ശക്തിപ്പെടുത്തുക<br><br>മേൽപ്പറഞ്ഞ പദ്ധതികളിലൂടെ കുട്ടനാട് മേഖലയുടെ കൃഷി വികസനം സാധ്യമാകും. |
| (ബി) | കുട്ടനാടൻ കാർഷിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യം വച്ച് ഈ മേഖലയുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു ഉന്നതതല സമിതിയെ നിയോഗിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | പരിഗണിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ